ശ്രീ. കെ. എ. ദാമോദര മേനോൻ : മിക്ക ചട്ടങ്ങളും ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇനി വല്ലതും ഉണ്ടാക്കാനുണ്ടോയെന്നുള്ളതിനെപ്പറ്റി പരിശോധിക്കാം.

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്

* 662. [7] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ 1961-62, 1962-63 വർഷങ്ങളിലെ വരവെത്ര ; ചെലവെത്ര ;

(ബി) കമ്പനിയുടെ മൂലധനമെത്ര ; ഗവണ്മെന്റു ഷെയർ എത്ര ;

(സി) കമ്പനിയുടെ വകയായി ഒരു ടിംബർ വർക്സ് ഷാപ്പ് ആരംഭിക്കുന്നുണ്ടോ ; അതിന്റെ പുരോഗതി എന്താണ് ;

(ഡി) കമ്പനിവക ഒരു പാർട്ടിക്കിൾ ബോർഡ് ഫാക്ടറി ആരംഭിക്കുന്ന കാര്യം എത്രമാത്രം പുരോഗമിച്ചു ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ) :

(എ) ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ 1961-62-ൽ 38,51,609 രൂപ വരവും, 28,94,621 രൂപ ചെലവും 1962-63-ൽ 20,55,692 രൂപ വരവും, 16,16,580 രൂപ ചെലവും ഉണ്ടായിരുന്നു.

(ബി) കമ്പനിയുടെ മൂലധനം 9,96,200 രൂപയും ഗവണ്മെന്റു ഷെയർ 5,17,000 രൂപയും ആകുന്നു.

(സി) കമ്പനിയുടെ വകയായി ഒരു ടിമ്പർ വർക്സ് ഷാപ്പ് ആരംഭിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള കെട്ടിടനിർമ്മാണവും മെഷീനറി സ്ഥാപിക്കലും നടന്നുകഴിഞ്ഞു. 1963 നവംബർ മാസം മുതൽ വർക്സ്ഷോപ്പിന്റെ പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

(ഡി) കമ്പനി വക ഒരു പാർട്ടിക്കിൾ ബോഡ് ഫാക്ടറി ആരംഭിക്കുന്നതിനു കേന്ദ്ര ഗവണ്മെന്റു ലൈസൻസും നൽകിയിട്ടില്ല.

ശ്രീ. കെ. ആർ. വിജയൻ : ഈ കമ്പനിയിലേക്കു ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നും ഗവണ്മെന്റിൽനിന്നും എന്തു വ്യവസ്ഥയിലാണു മരങ്ങളും സപ്ലൈ ചെയ്യുന്നതു ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിനു പ്രത്യേകം ചോദ്യം ചോദിച്ചാലേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : 1961-62, 1962-63 ഈ വർഷങ്ങളിൽ വരവു ചെലവുകളിൽ വലിയ വ്യത്യാസം കാണുന്നതിന്റെ കാരണം എന്താണു ?

ശ്രീ. കെ. എ. ദാമോദരമേനോൻ : 1962 ഏപ്രിൽ അവസാനം മുതൽ F.A.C.T. വിറകിനു പകരം എണ്ണ ഉപയോഗിച്ചു യന്ത്രങ്ങൾ നടത്താൻ തുടങ്ങി. അതുകൊണ്ടു വിറകു വില്പനയിലുണ്ടായിരുന്ന ലാഭം സാരമായി കുറയുകയുണ്ടായി.

വ്യവസായശാലകളിലേയ്ക്കുള്ള നിയമനങ്ങൾ

* 663. [8] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റുടമയിലും ഗവണ്മെന്റിനു ഷെയറുള്ളതുമായ വ്യവസായശാലകളിൽ കഴിഞ്ഞ മൂന്നുവർഷമായി നടന്ന നിയമനങ്ങളിൽ സമുദായപ്രാതിനിധ്യതത്വം പാലിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഓരോ വ്യവസായശാലകളിലും നടന്ന നിയമനങ്ങളും പ്രാതിനിദ്ധ്യത്തേയും എന്തെന്നു വെളിപ്പെടുത്തുമോ ;

(സി) ഈ പ്രാതിനിദ്ധ്യതത്വം നടപ്പാക്കുന്നുണ്ടോ എന്നു ചെക്കപ്പ് ചെയ്യാൻ ഗവണ്മെൻറിനു് എന്തെങ്കിലും പ്രവർത്തന കേന്ദ്രമുണ്ടോ ; ഉണ്ടെങ്കിൽ എന്താണു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ) :

(എ) ഗവണ്മെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങളിൽ നിയമനങ്ങളും നടത്തുമ്പോഴും സമുദായപ്രാതിനിദ്ധ്യം പാലിക്കാറുണ്ടു്. ഗവണ്മെൻറു ഷെയറുകളുള്ള കമ്പനികളിൽ സമുദായപ്രാതിനിദ്ധ്യാടിസ്ഥാനത്തിൽ നിയമനം നടത്തണമെന്നു് പ്രത്യേകം നിർദ്ദേശങ്ങളില്ല. എന്നതന്നെയല്ല പ്രസ്തുത ഓരോ കമ്പനികളിലും നിയമന കാര്യത്തിൽ വ്യക്തമാക്കേണ്ടതു് കമ്പനികൾ തന്നെയാണു്. ഗവണ്മെൻറിനു് അതിനു് അധികാരമില്ല.

(ബി) ഗവണ്മെൻറുടമയിലുള്ള വ്യവസായ ശാലകളിൽ കഴിഞ്ഞ മൂന്നു കൊല്ലക്കാലത്തെ നിയമനങ്ങളുടെ വിവരങ്ങടങ്ങിയ † പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

(സി) ഗവണ്മെൻറുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ നിയമനങ്ങൾക്കു സമുദായപ്രാതിനിദ്ധ്യം പാലിക്കണമെന്നു് ഗവണ്മെൻറ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടു്. ആ ഉത്തരവുകൾ ലംഘിക്കുന്നതായി അറിവില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മുമ്പൊരിക്കൽ ഞാൻ ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി തന്നിട്ടുള്ള ഒരു സ്റ്റേറ്റുമെൻറിൽ ഗവണ്മെൻറു ഷെയറുള്ള കമ്പനികളിൽ ഗവണ്മെൻറിൻെറ നിർദ്ദേശം അനുസരിച്ചുള്ള നിയമനങ്ങൾ നടത്തുമെന്നാണു് പറഞ്ഞിരുന്നതു്. ആ നിർദ്ദേശത്തിൽ വല്ല മാറ്റവും ചെയ്തിട്ടുണ്ടെന്നാണോ മനസ്സിലാക്കേണ്ടതു്? മുമ്പു പറഞ്ഞ നിർദ്ദേശം തന്നെ ഗവണ്മെൻറു ഷെയറുള്ള വ്യവസായശാലകളിലും പാലിക്കുന്നതിനു് ഉള്ള വ്യവസ്ഥകൾ ചെയ്യുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : മുമ്പുതന്നിട്ടുള്ള മറുപടിയെക്കുറിച്ചുള്ള വിവരങ്ങൾ എൻെറ കൈവശമില്ല. ഗവണ്മെൻറിനു് മെജോറിട്ടി ഷെയറുള്ള സ്ഥാപനങ്ങളുടെ കാര്യമായിരിക്കും അതിൽ പറഞ്ഞിട്ടുള്ളതു്. ഗവണ്മെൻറിനു് കുറച്ചുമാത്രം ഷെയറുകളുള്ള വ്യവസായശാലകളിലെ നിയമനങ്ങൾ അവരുടെ അഭിപ്രായമനുസരിച്ചാണു് നടത്തുന്നതു്. അതിൽ ഗവണ്മെൻറിനു് എന്തെങ്കിലും നിർബന്ധം ചെലുത്താനുള്ള അധികാരമില്ല

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എഫ്. എ. സി. ഐ. മുതലായ സ്ഥാപനങ്ങളിൽ കഴിഞ്ഞ നാലു കൊല്ലമായി നടന്ന നിയമനങ്ങളിൽ സാമുദായിക ചിന്താഗതിയും രാഷ്ട്രീയ പരിഗണനകളും മുഴച്ചുനിൽക്കുന്നു എന്നുള്ള ആക്ഷേപം ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ഗവണ്മെൻറുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ നിയമനങ്ങളിൽ സ്വീകരിച്ചിട്ടുള്ള തത്വം ഇവിടെയും സ്വീകരിക്കാൻ തയ്യാറാകുമോ ; അവ നടപ്പിൽ വരുത്തുന്നതിനുവേണ്ടി ചെക്കപ്പ് ചെയ്യുമോ ?

ശ്രീ. കെ. എ. ദാമോദര മേനോൻ : ഗവണ്മെൻറിനു് ഭൂരിപക്ഷം ഷെയറുള്ള വ്യവസായസ്ഥാപനങ്ങളിൽ മാത്രമേ ഗവണ്മെൻറിൻെറ നിർദ്ദേശം അനുസരിച്ചുള്ള നിയമനവ്യവസ്ഥകൾ സ്വീകരിക്കുകയുള്ളു. അല്ലാത്തിടത്തു് അവരവർക്കു് ഇഷ്ടമുള്ള രീതിയിൽ മാത്രമേ നിയമനതത്വം സ്വീകരിക്കുകയുള്ളു. എഫ്. എ. സി. ടി. യാണെങ്കിൽ കേന്ദ്രഗവണ്മെൻറിൻെറ പബ്ലിക് സെക്ടറിൽ ഭൂരിപക്ഷം ഷെയറുള്ള ഒരു വ്യവസായ സ്ഥാപനമാണു്. അതുകൊണ്ടു് അതിലെന്തെങ്കിലും ചെയ്യാൻ ഈ ഗവണ്മെൻറിനു് സാധിക്കുകയില്ല.

† Appendix II

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to Starred Question No.* 663 (8)]

Particulars of appointments made during the last 3 years in the Government concerns are given below:

	Name of Concerns	*Scheduled and Backward Classes*	*Others*
1	Travancore Rubber works, Trivandrum.	19	16
2	Kerala Government Cycle Rim Factory, Trivandrum.	11	5
3	Trivandrum Spinning Mills, Balaramapuram.	21	22
4	Kerala Government Ceramics, Kundara.	13	3
5	Government Ceramic Concerns, Kundara.	7	4
6	Travancore Plywood Industries, Punalur.	4	4
7	Government Oil Factory, Calicut.	2	3
8	Kerala Soap Institute, Calicut.	99	72

No appointments were made in Shark Liver Oil Factory Trivandrum. Only very few appointments were made in Government Hydrogenation Factory, Calicut during the years on temporary basis for short leave vacancies.

APPENDIX III

[*Please see answer to Starred Question No.* 665 (10)]

GOVERNMENT OF KERALA

Abstract

Public Services—The Kerala General Service—Financial Assistants in the various Departments—Special Rules—Re-issued.

PUBLIC (RULES) DEPARTMENT

G. O. MS. No. 51. Dated, Trivandrum, 29th January 1962.

NOTIFICATION

In exercise of the powers conferred by the proviso to Article 309 of the Constitution of India and of all other powers hereunto enabling a in supersession of the rules issued under the Notification G. O M No. 96 Public (Rules) Department dated the 12 h April 1960, a published in Part I of the Gazette dated the 26th April, 1960 t Governor of Kerala herby makes the following Rules, namely:—

LIBRARY ARCHIVES Kerala Legislative Assembly